പതിനാലാം കേരള നിയമസഭ

പത്തൊമ്പതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 1940 — 10.03.2020 ൽ മറുപടിയ്ക്ക്

# വിലക്കയറ്റം തടയാൻ നടപടി

ചോദ്യം
ശ്രീ. കെ.സി.ജോസഫ്,
ശ്രീ. അൻവർ സാദത്ത്
ശ്രീ. എ.പി. അനിൽ കുമാർ
ശ്രീ. അനിൽ അക്കര

ഉത്തരം
ശ്രീ. പി. തിലോത്തമൻ
(ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | സംസ്ഥാനത്ത് നിത്യോപയോഗ സാധനങ്ങളുടെയും പച്ചക്കറിയുടെയും വില ക്രമാതീതമായി ഉയരുന്ന സാഹചര്യം ഉണ്ടായിട്ടുണ്ടോ; | (എ) | നിരന്തരം ഉയരുന്ന ഇന്ധന വില, ചരക്ക് കൂലിയിലുണ്ടാവുന്ന വർദ്ധനവ്, കാലാവസ്ഥാ വ്യതിയാനം മൂലം ഉത്പാദന കേന്ദ്രങ്ങളിൽ ഉണ്ടായിട്ടുള്ള വിളവിന്റെ കുറവ് എന്നീ കാരണങ്ങളാൽ ചില അവശ്യ ഭക്ഷ്യ വസ്തുക്കളുടെയും പച്ചക്കറികളുടെയും വിലകളിൽ വർദ്ധനവ് ഉണ്ടായിട്ടുണ്ട്. |
| (ബി) | വിലക്കയറ്റം മൂലം ദുരിതത്തിലായ സാധാരണക്കാർക്ക് ആശ്വാസം നൽകുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചതെന്ന് വ്യക്തമാക്കാമോ; | (ബി) | പൊതുവിതരണ സംവിധാനം ശക്തിപ്പെടുത്തിയും സപ്ലൈകോ മുഖേന പൊതു വിപണിയിൽ കാര്യക്ഷമമായി ഇടപെട്ടും വിലക്കയറ്റം നിയന്ത്രിച്ചു വരുന്നു. സപ്ലൈകോ മുഖേന പൊതു വിപണിയിലേതിനേക്കാൾ 20 മുതൽ 50 ശതമാനം വരെ വിലക്കുറവിൽ വിതരണം ചെയ്യുന്ന സബ് സിഡി സാധനങ്ങളുടെ വില്പന വിലകൾ (സർക്കാർ അധികാരത്തിൽ വന്നപ്പോഴുള്ള വില) ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം, വർദ്ധിപ്പിച്ചിട്ടില്ല. ഇത് മൂലം, അവശ്യ നിത്യോപയോഗ വസ്തുക്കളുടെ വില പൊതു വിപണിയിൽ ഉയരുന്ന സാഹചര്യത്തിലും, സപ്ലൈകോ വില്പനശാലകളിലൂടെ കുറഞ്ഞ വിലയിൽ സാധനങ്ങൾ വാങ്ങാവുന്ന സാഹചര്യം ഉപഭോക്താവിന് ലഭിക്കുന്നു. സബ് സിഡി ഇനങ്ങൾക്ക് പുറമെ, പൊതു വിപണിയിലേതിനേക്കാൾ വിലക്കുറവിൽ ശബരി / എഫ് എം സി ജി സാധനങ്ങളും ലഭ്യമാക്കിയിട്ടുണ്ട്. |

| | | | |
|---|---|---|---|
| | | | വളരെ കുറഞ്ഞ വിലയിലും കൂടുതൽ ലഭ്യതയിലും സ്റ്റോക്ക് വിപണിയിലെത്തിക്കുന്നതിനായി, ഇ ടെൻഡറിന് പുറമെ, നാഫെഡ്, കേന്ദ്രീയ ഭണ്ഡാർ മുതലായ കേന്ദ്ര ഏജൻസികൾ മുഖേന ഉദ്പാദന കേന്ദ്രങ്ങളിൽ നിന്നും അവശ്യ വസ്തുക്കൾ സംഭരിക്കുന്നു. ചില നിത്യോപയോഗ (സവാള) സാധനങ്ങളുടെ വില അനിയന്ത്രിതമായി വർദ്ധിച്ച ഘട്ടങ്ങളിൽ വിദേശത്ത് നിന്ന് ഇറക്കുമതി ചെയ്ത സാധനങ്ങൾ വിപണിയിലെത്തിക്കുന്നതിനും നടപടി സ്വീകരിച്ചു. |
| (സി) | സിവിൽ സപ്ലൈസ് കോർപ്പറേഷന് കമ്പോള ഇടപെടൽ നടത്തുന്നതിന് സർക്കാർ അനുവദിക്കുന്ന തുക പര്യാപ്തമാണോയെന്ന് അറിയിക്കാമോ; | (സി) & (ഡി) | ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം, വിപണി ഇടപെടലിന് കൂടുതൽ തുക അനുവദിച്ചിട്ടുണ്ട്.<br>2020-21 സാമ്പത്തിക വർഷത്തേയ്ക്കുള്ള ബജറ്റിൽ വിപണി ഇടപെടലിനായി സപ്ലൈകോയ്ക്ക് 150 കോടി രൂപയാണ് വകയിരുത്തിയിട്ടുള്ളത്. 2020-21 സാമ്പത്തിക വർഷത്തെ പ്രതീക്ഷിത നഷ്ടത്തെ അടിസ്ഥാനമാക്കി കൂടുതൽ തുക അനുവദിക്കുന്നതിന് വകുപ്പ് ആവശ്യപ്പെട്ടിട്ടുണ്ട്. |
| (ഡി) | 2020-21-ൽ പ്രസ്തുത ആവശ്യത്തിനായി എന്തു തുകയാണ് വകയിരുത്തിയിട്ടുള്ളത്; തുക പര്യാപ്തമല്ലെങ്കിൽ അധിക തുക അനുവദിക്കണമെന്ന് വകുപ്പ് ആവശ്യപ്പെട്ടിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ? | | |

സെക്ഷൻ ഓഫീസർ